# ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്

(കേരള സർക്കാരിന്റേയും എൻ.ടി.പി.സി ലിമിറ്റഡിന്റേയും ഒരു സംയുക്ത സംരംഭം)

## ഓഹരി ഉടമകൾക്കുള്ള നോട്ടീസ്

## വിഷയം: ഇൻവെസ്റ്റർ എഡ്യൂക്കേഷൻ ആന്റ് പ്രൊട്ടക്ഷൻ ഫണ്ടിലേക്കുള്ള ഓഹരി കൈമാറ്റം

ഇൻവെസ്റ്റർ എഡ്യൂക്കേഷൻ ആന്റ് പ്രൊട്ടക്ഷൻ ഫണ്ട് അതോറിറ്റി (അക്കൗണ്ടിംഗ്, ഓഡിറ്റ് ട്രാൻസ്ഫർ & റീഫണ്ട്) ചട്ടം 2016 (റൂൾസ്) പ്രകാരം കമ്പനി ഓഹരി ഉടമകൾക്ക് നൽകുന്ന നോട്ടീസ്:

തുടർച്ചയായുള്ള ഏഴോ അതിലധികമോ വർഷങ്ങളായി ഡിവിഡന്റ് അവകാശപ്പെടാത്ത ഓഹരി ഉടമകളുടെ ഓഹരികൾ IEPF ഡീമാറ്റ് അക്കൗണ്ടിലേക്ക് മാറ്റപ്പെടുന്നത് സംബന്ധിച്ച വ്യവസ്ഥ പ്രകാരമുള്ള അറിയിപ്പ്.

ചട്ടത്തിൽ അനുശാസിക്കുന്ന പ്രകാരം, IEPF ഡീമാറ്റ് അക്കൗണ്ടിലേക്ക് മാറ്റപ്പെടുന്ന ഓഹരികളുടെ ഉടമകളെ അനുയോജ്യമായ നടപടി എടുക്കുന്നത് സംബന്ധിച്ച് കമ്പനി വ്യക്തിഗതമായി ആശയ വിനിമയം നടത്തിയിട്ടുണ്ട് ഇതിനു പുറമേ, കമ്പനി വെബ്സൈറ്റായ **www.telk.com**ൽ ഡീമാറ്റ് അക്കൗണ്ടിലേക്ക് മാറ്റപ്പെടുന്ന ഓഹരികളുടേയും ഓഹരി ഉടമകളുടേയും വിശദ വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിനാൽ ഓഹരി ഉടമകൾ **www.telk.com** സന്ദർശിച്ച് കൈപ്പറ്റാത്ത ഡിവിഡന്റുകളും ഓഹരികളും സംബന്ധിച്ച വിവരങ്ങൾ ഒത്തുനോക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓഹരി ഉടമകൾ ശ്രദ്ധിക്കേണ്ട വസ്തുത, IEPF ഡീമാറ്റ് അക്കൗണ്ടിലേക്ക് മാറ്റം ചെയ്യുന്ന ഡിവിഡന്റുകളോ, ഓഹരികളോ, മറ്റ് ആനുകൂല്യങ്ങളോ ചട്ടപ്രകാരമുള്ള നടപടികൾക്ക് വിധേയമായി IEPF അതോറിറ്റിയിൽ നിന്നും ഓഹരി ഉടമയ്ക്ക് തിരികെ ആവശ്യപ്പെടാവുന്നതാണ്.

സർട്ടിഫിക്കറ്റ് രൂപത്തിൽ ഓഹരികൾ കൈവശമുള്ള ഓഹരി ഉടമകൾ ശ്രദ്ധിക്കേണ്ട വസ്തുത, IEPF ഡീമാറ്റ് അക്കൗണ്ടിലേക്ക് നിലവിലെ ഓഹരികൾ മാറ്റപ്പെടുന്ന പക്ഷം ചട്ട പ്രകാരം അവരുടെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റിന് സാധുത ഇല്ലാതാവുന്നതിനാലും പിന്നീട് അതിന്മേൽ അവകാശം ഉന്നയിക്കാനാവത്തതിനാലും കമ്പനി ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ്(കൾ) പകരമായി നൽകുന്നതാണ്. അതിനാൽ ഓഹരി ഉടമകൾ കമ്പനി വെബ്സൈറ്റായ **www.telk.com**ൽ IEPF ഡീമാറ്റ് അക്കൗണ്ടിലേക്ക് മാറ്റുന്നത് സംബന്ധിച്ചും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ്(കൾ) ഇഷ്യൂ ചെയ്യുന്നത് സംബന്ധിച്ചും കമ്പനി കൊടുത്തിരിക്കുന്ന നോട്ടീസിലെ വസ്തുതകൾ നോക്കി ബോധ്യപ്പെടേണ്ടതും ഇതൊരു അറിയിപ്പായി കണക്കാക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് 2018 മാർച്ച് 28 നകം ഓഹരി ഉടമകളിൽ നിന്നും കമ്പനിയ്ക്ക് യാതൊരുവിധ വിവരങ്ങളും ലഭിക്കാത്ത പക്ഷം അതേ ദിവസം അവസാന ദിവസമായി കണക്കാക്കി ചട്ട പ്രകാരം ഓഹരികൾ IEPF ഡീമാറ്റ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്. ഇതിനുശേഷം ഡിവിഡന്റുകളും ഓഹരികളും IEPF ലേക്ക് കൈമാറുന്നത് സംബന്ധിച്ച് കമ്പനിക്ക് എതിരായി ലഭിക്കുന്ന ഒരു ക്ലെയിമിനും ചട്ടപ്രകാരം സാധുതയുണ്ടായിരിക്കുന്നതല്ല.

ഇത് സംബന്ധമായ എല്ലാ വിവരങ്ങൾക്കും ഓഹരി ഉടമകൾ കമ്പനി രജിസ്റ്റാർ ആന്റ് ഷെയർ ട്രാൻസ്ഫർ ഏജന്റായ **Integrated Registry Management Services Private Limited, Kences Towers, T Nagar, Chennai-600 017.** ഇമെയിൽ: **kalian@integratedindia.in, Phone:0484-28140801** എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡിനുവേണ്ടി

ഒപ്പ്,

കമ്പനി സെക്രട്ടറി

സ്ഥലം : അങ്കമാലി

തിയ്യതി : 22.02.2018

**TRANSFORMERS AND ELECTRICALS KERALA LIMITED**

Angamally South P.O., Ernakulam Dist., Kerala, India, Fax : 0484-2452873

Email :cs@telk.com, website:www.telk.com

CIN - U31102KL1963SGC002043